**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **30-08-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ താലൂക്കിലെ റീ സർവെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ താലൂക്കിൽ റീ സർവെ നടപടികൾ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | ആലത്തൂർ താലൂക്കിൽ ആകെയുള്ള 30 വില്ലേജുകളുടെയും റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകൾ ചുവടെ ചേർക്കുന്നു.<br><br>ആലത്തൂർ, എരുമയൂർ 1, എരുമയൂർ 2, കണ്ണമ്പ്ര 1, കണ്ണമ്പ്ര 2, കാവശ്ശേരി 1, കാവശ്ശേരി 2, കിഴക്കഞ്ചേരി 1, കിഴക്കഞ്ചേരി 2, കോട്ടായി 1, കോട്ടായി 2, കുഴൽമന്ദം 1, കുഴൽമന്ദം 2, കുത്തന്നൂർ 1, കുത്തന്നൂർ 2, മംഗലം ഡാം, മാത്തൂർ 1, മാത്തൂർ 2, മേലാർക്കോട്, പെരിങ്ങോട്ടുകുറിശ്ശി 1, പെരിങ്ങോട്ടുകുറിശ്ശി 2, പുതുക്കോട്, തരൂർ 1, തരൂർ 2, തേങ്കുറിശ്ശി 1, തേങ്കുറിശ്ശി 2, വടക്കഞ്ചേരി 1, വടക്കഞ്ചേരി 2, വണ്ടാഴി 1, വണ്ടാഴി 2. |
| (ബി) | റീ സർവെ നടന്ന വില്ലേജുകളിൽ റീ സർവെയുമായി ബന്ധപ്പെട്ട എത്ര പരാതികൾ പരിഹരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | റീസർവ്വെയുമായി ബന്ധപ്പെട്ട് ആലത്തൂർ താലൂക്കിൽ 857 അപേക്ഷരകൾ തീർപ്പാക്കാനുണ്ട്. |
| (സി) | പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | റീസർവ്വെ പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി സർവ്വെയർമാർക്ക് നിശ്ചിത ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സർവ്വെയർമാരെ നിയമിച്ചിട്ടുള്ളതും, 30.05.2022 ന് മുമ്പുള്ളതും വളരെ കാലപഴക്കം ഉള്ളതുമായ അപേക്ഷകൾ റീസർവ്വെ ഓഫീസുകളിലെ സർവ്വെയർമാരുടെ സഹായത്തോടെ തീർപ്പാക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ